28.10.2009 - 03.30pm

സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ,

വരാപ്പുഴ

**അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ - ചരമപ്രഭാഷണം**

മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

# "ഞാൻ നല്ല ഇടയനാകുന്നു"

## 1. ചരിത്രം ആവർത്തക്കുന്നു.

നാല്പതു കൊല്ലങ്ങൾക്കുമുമ്പ് കേരള സഭയുടെ അഭിമാനഭാജനവും വരാപ്പുഴ മെത്രാപ്പോലീത്തയുമായിരുന്ന ജോസഫ് അട്ടിപ്പേറ്റി പിതാവ് ദിവംഗതനായപ്പോൾ ഞാൻ ഒരു സെമിനാരി വിദ്യാർത്ഥിയായിരുന്നു. അന്ന് ഇവിടെവന്ന് അദ്ദേഹത്തിന്റെ മൃതസംസ്കാര ചടങ്ങുകളിൽ സംബന്ധിച്ചത് ഞാൻ ഓർമ്മിക്കുന്നുണ്ട്. അന്നും ബോംബേ മെത്രാപ്പോലീത്ത ആയിരുന്ന അത്യുത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് പിതാവായിരുന്നു ആ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. തങ്ങളുടെ പിതാവിന്റെ തികച്ചും ആകസ്മികമായ ദേഹവിയോഗത്തിൽ ദുഃഖിതരായ വരാപ്പുഴ അതിരൂപതയിലെ ദൈവജനത്തെ എങ്ങനെ ആശ്വസിപ്പിക്കണമെന്ന് അറിയാതെ അദ്ദേഹം ഒരു നിമിഷം പകച്ചുനിന്നു. ജറമിയാസിന്റെ വിലാപങ്ങളിലെ ഈ വാക്യം ഉദ്ധരിച്ചു കൊണ്ടാണ് അന്ന് അദ്ദേഹം തന്റെ ചരമപ്രഭാഷണം ആരംഭിച്ചത്: "ജറുസലം പുത്രീ, നിനക്കുവേണ്ടി ഞാൻ എന്തു പറയും? നിന്നെ ഞാൻ എന്തിനോടു ഉപമിക്കും? കന്യകയായ സീയോൻ പുത്രീ, നിന്നെ ആശ്വസിപ്പിക്കുവാൻ ഞാൻ നിന്നെ എന്തിനോടു താരതമ്യപ്പെടുത്തും?" (വിലാ. 2, 13).

ചരിത്രം ആവർത്തിക്കുന്നു. നാല്പതു കൊല്ലങ്ങൾക്കു മുമ്പ് സംഭവിച്ചതിനു സമാനമായ ഒരു രംഗത്തിന് നാം ഇന്നും സാക്ഷ്യം വഹിക്കുകയാണ്. തികച്ചും അപ്രതീക്ഷിതമായിട്ടാണ് അഭിവന്ദ്യ ഡാനിയേൽ അച്ചാരുപ്പറമ്പിൽ പിതാവ് നമ്മെയെല്ലാം വിട്ടുപിരിയുന്നത്. പ്രത്യേകിച്ചും വരാപ്പുഴ അതിരൂപതയെ സംബന്ധിച്ചിടത്തോളം നികത്താനാവാത്ത വിടവു സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം കടന്നുപോകുന്നത്. അദ്ദേഹത്തെക്കുറിച്ച് നമുക്കുണ്ടായിരുന്ന സുന്ദരമായ സ്വപ്നങ്ങളെല്ലാം തകർന്നുവീഴുന്ന ഒരു അനുഭൂതിയാണ് നമുക്കുള്ളത്. ദുഃഖം തളം കെട്ടി നിൽക്കുന്ന ഈ വേദിയിലേയ്ക്ക് നോക്കുമ്പോൾ എന്തുപറയണമെന്നറിയാതെ ഞാനും ഒരു നിമിഷം പകച്ചു നിന്നുപോവുകയാണ്. വിലാപങ്ങളുടെ പുസ്തകത്തിലെ തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടു തന്നെ ഞാനും ഈ ചരമപ്രഭാഷണം ആരംഭിക്കട്ടെ: "ജറുസലം പുത്രീ നിനക്കു വേണ്ടി ഞാൻ എന്തുപറയും? നിന്നെ ഞാൻ എന്തിനോടു ഉപമിക്കും? കന്യകയായ സീയോൻ പുത്രീ, നിന്നെ ആശ്വസിപ്പിക്കുവാൻ ഞാൻ നിന്നെ എന്തിനോടു താരതമ്യപ്പെടുത്തും?". ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്; അവിടുത്തെ പദ്ധതികൾ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യങ്ങളുമാണ്. എങ്കിലും ഒരു കാര്യം നമുക്കറിയാം. ദൈവത്തെ സ്നേഹിക്കുവർക്ക് എല്ലാം അവരുടെ നന്മയ്ക്കായി പരിണമിക്കുന്നു. അനന്തവും നിഗൂഢവുമായി ദൈവപരിപാലനയുടെ മുമ്പിൽ നമുക്കു ശിരസ്സു നമിക്കാം. അഭിവന്ദ്യ ഡാനിയേൽ പിതാവിനെ ദൈവതിരുക്കരങ്ങളിൽ നമുക്കു സമർപ്പിക്കാം.

## 2. മരണം പങ്കിടാനാവുമോ?

റഷ്യയിലെ സുപ്രസിദ്ധനായ ഒരു സാഹിത്യകാരനായിരുന്നു ജേസഫ് ബ്രോഡ്സ്കി. 1987-ൽ അദ്ദേഹത്തിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. തന്റെ ഒരു ഗ്രന്ഥത്തിൽ മരണത്തെക്കുറിച്ച് അദ്ദേഹം കുറിച്ചുവച്ചതിതാണ്: "For, though our life may be a thing to share, who is there in this world to share our death?" ജീവിതം പങ്കിടാൻ ധാരാളം പേരുണ്ടാവും. എന്നാൽ ഈ ലോകത്തിൽ ആർക്കാണ് മരണം പങ്കിടാൻ സാധിക്കുന്നത്? അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ നിശ്ചലമായ ശരീരത്തിനു മുമ്പിൽ നിൽക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ചിന്തയും ഇതുതന്നയൊണ്.

ദീർഘനാളുകളായി അഭിവന്ദ്യ ഡാനിയേൽ പിതാവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഞാൻ റോമിൽ ഉപരിപഠനം നടത്തുമ്പോൾ അദ്ദേഹം റോമിലെ പ്രൊപ്പഗാന്താ യൂണിവേഴ്സിറ്റിയിലും ഇറ്റലിയിലെ പ്രശസ്തമായ മറ്റു പല യൂണിവേഴ്സിറ്റികളിലും അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തെ ഒന്നുകൂടി അടുത്ത് ഞാൻ പരിചയപ്പെട്ടത് എന്റെ മുൻഗാമിയായ ജേക്കബ് അച്ചാരുപറമ്പിൽ പിതാവിനെ സന്ദർശിക്കുവാൻ അദ്ദേഹം പലപ്രാവശ്യവും തിരുവനന്തപുരത്തു വരികയും ഞങ്ങളോടൊപ്പം താമസിക്കുകയും ചെയ്യുമ്പോഴായിരുന്നു. അതു കഴിഞ്ഞ് കഴിഞ്ഞ പതിമൂന്നുവർഷക്കാലം മെത്രാന്മാരെന്ന നിലയിൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങളെല്ലാം പങ്കിടുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഏതു കാര്യത്തിനും ഞാനുമായി കൂടിയാലോചിക്കുന്ന ഒരു പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇങ്ങനെ അദ്ദേഹവുമായി ജീവിതം പങ്കിടാൻ സാധിച്ചുവെങ്കിലും മരണത്തിന്റെ മുമ്പിൽ ഒറ്റപ്പെടുന്ന പങ്കുവയ്ക്കുവാനാവാതെ പരസ്പരം വേർപിരിയുന്ന അനുഭവമാണ് എനിക്കും നിങ്ങൾക്കുമുള്ളത്.

ഇവിടെയും ആശ്വാസത്തിനുള്ള വകയിതാണ്. മരണത്തിലൂടെ അദ്ദേഹം ഒറ്റപ്പെടുന്നതായി നമുക്കു തോന്നുമെങ്കിലും യഥാർത്ഥത്തിൽ അദ്ദേഹം ഒറ്റപ്പെടുകയല്ല. നമുക്ക് അദ്ദേഹത്തിന്റെ മരണത്തിൽ പങ്കുചേരുവാൻ സാധിക്കുന്നില്ലെങ്കിലും ഈ മരണത്തിൽ പങ്കുചേരുവാൻ അദ്ദേഹത്തോടൊപ്പം ക്രിസ്തുവുണ്ട്. യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ മഹത്വം മനസ്സിലാക്കിയ അദ്ദേഹം ഈ മഹത്വത്തിൽ പങ്കുചേരുവാനായി ക്രിസ്തുവിന്റെ മരണത്തിലും പങ്കുചേരുകയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ഒരു മരണമായിരുന്നു. ജ്ഞാനസ്നാനം ഒരേസമയം തന്നെ ക്രിസ്തുവിനോടൊപ്പമുള്ള മരണവും ഉയിർപ്പുമാണ് എന്നാണല്ലോ നാമെല്ലാം വിശ്വസിക്കുന്നത്. ജ്ഞാനസ്നാനത്തിലാരംഭിച്ച ഈ മരണം സന്യാസത്തിലെ വ്രതവാഗ്ദാനങ്ങളുടെയും പൗരോഹിത്യത്തിലെ സമർപ്പണത്തിലൂടെയും കടന്ന് ഇന്ന് അതിന്റെ പൂർണതയിലെത്തുകയാണ്. ജീവിതകാലം മുഴുവനും അദ്ദേഹം ദാഹിച്ചത് ക്രിസ്തുവിനെ നിത്യമായും സ്വന്തമാക്കുന്ന, അവിടുത്തെ മഹത്വത്തിൽ പങ്കുചേരുന്ന ഈ നിമിഷത്തിനു വേണ്ടിയായിരുന്നു. ഇപ്പോൾ സങ്കീർത്തകനോടൊപ്പം തികഞ്ഞ സംതൃപ്തിയോടുകൂടി അദ്ദേഹത്തിനും പറയാൻ സാധിക്കും:

"കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും
എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്.
അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നുകിട്ടിയിരിക്കുത്.
വിശിഷ്ടമായ അവകാശം എനിക്ക് ലഭിച്ചിരിക്കുന്നു" (സങ്കീ. 16, 5-6)

ഇതാണ് അഭിവന്ദ്യ ഡാനിയേൽ പിതാവിനെപോലെയുള്ള നീതിമാന്മാരുടെ മരണത്തെ സുന്ദരമാക്കുന്നത്. വേദനയുടെ ഈ നിമിഷത്തിലും ആശ്വാസം പകരുന്ന ഒരു ചിന്തയാണിത്. പരസ്പരം മരണം പങ്കിടാൻ നമുക്കു സാധിച്ചില്ലെങ്കിലും മരണം പങ്കിടാനും മഹത്വത്തിലേയ്ക്ക് നമ്മെ നയിക്കാനും ക്രിസ്തു എപ്പോഴും നമ്മോടു കൂടെയുണ്ട് എന്ന ചിന്ത എത്രയേറെ ആശ്വാസകരമാണ്.

## 3. "ഞാൻ നല്ല ഇടയനാണ്"

അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ ജിവിതത്തെക്കുറിച്ചും സ്വഭാവ സവിശേഷതകളെക്കുറിച്ചുമുള്ള നിരവധികാര്യങ്ങൾ ഈ കഴിഞ്ഞ ദിവസങ്ങളിൽ പത്രമാദ്ധ്യമങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങളിലൂടെയും അറിയുവാൻ നമുക്കു സാധിച്ചു. അദ്ദേഹം ഒരു മാതൃകാ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. ബുദ്ധിമാനായ ഒരു ബാലനായിരുന്നു. സുസമ്മതനായ ഒരു വൈദിക വിദ്യാർത്ഥിയായിരുന്നു. ബാനാറീസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ നിന്നും ഗോൾഡ് മെഡൽ കരസ്ഥമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്ത്യക്ക് അകത്തും പുറത്തും പ്രഗത്ഭനായ ഒരു അദ്ധ്യാപകനായിരുന്നു. മാർപാപ്പയുടെ ഗുരുനാഥനെന്നും ഭാരതീയ തത്വചിന്തയുടെ മർമ്മം ഗ്രഹിച്ച മഹായിടയനെന്നും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് കേട്ടു. ഒരു മെത്രാനെന്ന നിലയിൽ അദ്ധ്യാത്മിക രംഗത്തു മാത്രമല്ല വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും നിറഞ്ഞുനിന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഇങ്ങനെ നൂറു നൂറു കാര്യങ്ങൾ അദ്ദേഹത്തെക്കുറിച്ച് പറയാൻ നമുക്കു സാധിക്കും. എന്നാൽ ഇതിനെക്കാളൊക്കെ ഉപരിയായി അഭിവന്ദ്യ പിതാവിന്റെ ജീവിതത്തെ

മുഴുവൻ സംഗ്രഹിച്ചു കൊണ്ട് ഒറ്റ വാക്യത്തിൽ അദ്ദേഹത്തെക്കുറിച്ച് നമുക്കു പറയാൻ സാധിക്കുന്നതിതാണ്: അദ്ദേഹം ഒരു നല്ല ഇടയനായിരുന്നു. നല്ല ഇടയനായ യേശുവിനെക്കുറിച്ചുള്ള സുവിശേഷ ഭാഗമാണല്ലോ നാം ഇന്ന് വായിച്ചു കേട്ടത്. അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ ജീവിതത്തിന്റെ ഒരു പ്രതിഫലനം ഈ സുവിശേഷ ഭാഗത്ത് കാണാൻ നമുക്കു കഴിയും.

ഈ സുവിശേഷ ഭാഗത്ത് നമ്മുടെയെല്ലാം ശ്രദ്ധ ആകർഷിക്കുന്ന ഒരു വാക്യമിതാണ്: "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ. 10, 11). നല്ല ഇടയന്റെ പല ചിത്രങ്ങളും നാം കണ്ടിട്ടുണ്ട്. നീണ്ട മേലങ്കിയണിഞ്ഞ്, സുസ്മേരവദനനായി കൈയിൽ ഒരു വടിയും പിടിച്ച്, ഒരു കുഞ്ഞാടിനെയും തോളിലേറ്റി, ആട്ടിൻ പറ്റത്തെ നയിക്കു ഇടയന്റെ ചിത്രമാണ് സാധാരണ ഗതിയിൽ നമ്മുടെ മനസ്സിൽ തെളിയുത്. ആടുകളെ താലോലിച്ച് അവയുടെ സ്നേഹം ഏറ്റുവാങ്ങി അവയുടെ വളർച്ചയിൽ സന്തോഷിച്ച് മുന്നോട്ടു പോകുന്നത് എളുപ്പമുള്ള ഒരു കാര്യമാണ്; വളരെയേറെ സന്തോഷവും സംതൃപ്തിയും തരുന്ന ഒരു അനുഭവമാണിത്. എന്നാൽ യേശു ചൂണ്ടിക്കാണിക്കുന്ന നല്ല ഇടയന്റെ മറ്റൊരു ചിത്രം കാണുവാനിടയായി. ആടുകളെല്ലാം പച്ചപ്പുൽത്തകിടിയിൽ മേഞ്ഞു നടക്കുകയും, നീരുറവയിലെ തണുത്തജലം പാനം ചെയ്ത് സംതൃപ്തിയടയുകയും ചെയ്തുകൊണ്ടിരിക്കുന്നു. കുറച്ചകലെ ഇടയൻ ഒരു ചെന്നായുമായുള്ള മൽപ്പിടിത്തത്തിലാണ്. ചെന്നായയുടെ പിടിയിൽ നിന്നും ആടുകളെ സംരക്ഷിക്കുവാനുള്ള പരിശ്രമത്തിൽ ആട്ടിടയന്റെ ശരീരം മുഴുവനും മുറിവേറ്റിട്ടുണ്ട്. ഇതൊന്നുമറിയാതെ ആടുകൾ സ്വച്ഛമായി വിഹരിക്കുന്നു. ഇടയനാകട്ടെ ആടുകൾക്കായി ജീവൻ തന്നെ സമർപ്പിക്കുവാൻ സന്നദ്ധനായി കടുത്ത സംഘർഷങ്ങളിലൂടെ കടുപോകുന്നു. "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു" എന്നു പറഞ്ഞപ്പോൾ യേശുവിന്റെ മനസ്സിലുണ്ടായിരുന്ന തും ഇപ്രകാരമൊരു ഇടയന്റെ ചിത്രമാണ്.

ഇതായിരുന്നു അഭിവന്ദ്യ ഡാനിയേൽ പിതാവ്. ശുശ്രൂഷിക്കപ്പെടാനായിരുന്നില്ല, ശുശ്രൂഷിക്കുകയും അജഗണത്തിന്റെ മോചനത്തിനായി സ്വയം സമർപ്പിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. അദ്ദേഹം ഒരിക്കലും സ്ഥാനമാനങ്ങൾ തേടിപ്പോയിരുന്നില്ല. സ്ഥാനമാനങ്ങളെല്ലാം അദ്ദേഹത്തെ തേടിവന്നതാണ്. അതുകൊണ്ടാണല്ലോ സുവിശേഷോപദേശങ്ങളനുസരിച്ച് സർവ്വസംഗപരിത്യാഗിയായി ജീവിക്കുവാൻ അദ്ദേഹം സന്യാസ സഭയിൽ ചേർന്ന് ഒരു വൈദികനായത്. ഇടയ ദൗത്യമനുഷ്ഠിക്കാൻ വിളിക്കപ്പെട്ടപ്പോൾ "ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ. 10, 7) എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അത് സ്വീകരിച്ചു. തനിക്ക് കിട്ടിയ സ്ഥാനമാനങ്ങളെ മറ്റുള്ളവരുടെ മേൽ അധികാരം പ്രയോഗിക്കാൻ വേണ്ടിയല്ല, ശുശ്രൂഷയ്ക്കുള്ള അവസരങ്ങളായിട്ടാണ് അദ്ദേഹം വിനിയോഗിച്ചത്. തന്റെ അജഗണത്തെ ദൈവാനുഭവത്തിൽ വളർത്തുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇതിനുപുറമേ അവരുടെ പുരോഗതിക്കാവശ്യമായ ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ അദ്ദേഹം ആസൂത്രണം ചെയ്തു. കഴിഞ്ഞ പതിമൂന്നുവർഷക്കാലവും തന്റെ അജഗണം പച്ചയായപുൽമേടുകളിൽ മേയുന്നതു കണ്ടും നീരുറവയിൽ നിന്നും പാനം ചെയ്ത് സംതൃപ്തി അടയുന്നതു കണ്ടും അദ്ദേഹം സന്തോഷിക്കുകയായിരുന്നു. എന്നാൽ ഈ സംരംഭത്തിൽ അദ്ദേഹം അനുഭവിച്ച മാനസിക സംഘർഷങ്ങളുടെയും ശാരീരിക അസ്വസ്ഥതകളുടെയും ഒരംശംപോലും അദ്ദേഹം പുറത്തുകാണിച്ചിരുന്നില്ല. ഏതാനും ദിവസങ്ങൾക്കുമുമ്പ് അത്യാസന്ന നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതുവരെ അദ്ദേഹം കർത്തവ്യ നിരതനായിരുന്നു. ഇങ്ങനെ പ്രത്യേകിച്ചും വാരാപ്പുഴ രൂപതയെ സംബന്ധിച്ചിടത്തോളം ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച ഒരു നല്ല ഇടയനായിരുന്നു അദ്ദേഹം.

## 4. "ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്"

നാം വായിച്ചുകേട്ട സുവിശേഷത്തിൽ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന മറ്റൊരു വാക്യമിതാണ്: "ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു" (യോഹ. 10, 16). പ്രധാനമായും വാരാപ്പുഴ അതിരൂപതയുടെ ശുശ്രൂഷയ്ക്കായിട്ടാണ് അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നതെങ്കിലും അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയുടെ വ്യാപ്തി കേരളം മുഴുവനും വ്യാപിക്കുന്നതായിരുന്നു. ആരെയും അന്യരായി അദ്ദേഹം കണ്ടിരുന്നില്ല. സ്വന്തം അജഗണമെന്ന

നിലയിൽത്തന്നെ എല്ലാവരുടെയും വളർച്ചയും ക്ഷേമവും അന്വേഷിച്ചിരുന്ന വിശാലമായ ഒരു മനസ്സിന്റെ ഉടമായായിരുന്നു അദ്ദേഹം. കേരളത്തിലെ ലത്തീൻ സഭയ്ക്ക് അദ്ദേഹത്തോട് ഒരിക്കലും അവസാനിക്കാത്ത കടപ്പാടുകളാണുള്ളത്. അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി ഇന്ന് കേരളത്തിലെ ലത്തീൻ സഭയ്ക്ക് ഒരു പരിധിവരെ ഒരു കെട്ടുറപ്പും ഭദ്രതയും വന്നിട്ടുണ്ട്. സഭാസംബന്ധമായ കാര്യങ്ങളിൽ വേണ്ട തീരുമാനമെടുക്കേണ്ടത് വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളടങ്ങിയ ഒരു സമിതിയുമായി ആലോചിച്ചശേഷമായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. അതിനായിട്ടാണ് കേരളത്തിലെ പതിനൊന്നു ലത്തീൻ രൂപതകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി KRLCC എന്ന പേരിൽ ഒരു ഏകോപന സമിതി രൂപീകരിച്ചത്. ഈ സമിതിക്ക് കാനോനികമായ അടിസ്ഥനമില്ലെങ്കിലും പൗരസ്ത്യ സഭകളുടെ സിനഡിനെയും ജനറൽ അസംബ്ലിയെയും അനുകരിച്ച് അവരെപ്പോലെത്തന്നെ വളരണമെന്ന ആഗ്രഹവും ഈ ഏകോപനസമിതി രൂപീകരണത്തിന്റെ പിന്നിലുണ്ടായിരുന്നു. മാദ്ധ്യമങ്ങൾ കൂടാതെ ഇന്നത്തെ സാഹചര്യത്തിൽ ഒരു പ്രസ്ഥാനവും വളരാൻ പോകുന്നില്ല എന്ന അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസമാണ് അദ്ദേഹത്തിൽ ഞാൻ കണ്ട മറ്റൊരു പ്രത്യേകത. സാമ്പത്തിക ബാദ്ധ്യതകൾ കാരണം സഹപ്രവർത്തകരായ ഞങ്ങൾ പലരും അറച്ചു നിപ്പോഴും "ജീവനാദം" എന്ന പേരിൽ ഒരു വാരിക തുടങ്ങാൻ നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് വന്നത് അദ്ദേഹമായിരുന്നു. ലത്തീൻ സഭയുടെയും സമുദായത്തിന്റെയും പുരോഗതിക്കായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമാരംഭിച്ച ഈ സംരംഭങ്ങളെ ഒന്നുകൂടി സജീവമാക്കുകയും ശക്തിപ്പെടുത്തുകയുമാണ് ലത്തീൻ സഭാംഗങ്ങൾക്ക് അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ അർപ്പിക്കാവുന്ന ഏറ്റവും വലിയ ആദരാഞ്ജലി.

സാർവ്വത്രിക സഭയെ ഇന്നത്തെ സുവിശേഷത്തിൽ യേശു വിശേഷിപ്പിക്കുന്നത് ഒരു ആട്ടിൻപറ്റവും ഒരു ഇടയനുമെന്നാണ്. ഇതിന് ഒരു കോട്ടവും വരാതിരിക്കാൻ അഭിവന്ദ്യ ഡാനിയേൽ പിതാവ് വളരെ ശ്രദ്ധിച്ചിരുന്നു. കേരളത്തിൽ മൂന്നു റീത്തുകളുണ്ട്. ഓരോ റീത്തും വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യണം. അതുവഴി സാർവ്വത്രിക സഭ വളരുകയാണ് തളരുകയല്ല ചെയ്യുന്നത്. ഈ വളർച്ച ലക്ഷ്യമാക്കി പരസ്പരം സഹായിക്കുമ്പോഴാണ് ഒരു ആട്ടിൻപറ്റമെന്ന നിലയിൽ സഭയ്ക്ക് മറ്റുള്ളവരുടെ മുമ്പിൽ ശക്തമായ സാക്ഷ്യം വഹിക്കുവാൻ സാധിക്കുന്നത്. കേരളത്തിലെ മൂന്നു റീത്തുകൾക്കും പ്രാതിനിധ്യമുള്ള കെ.സി.ബി.സി.യുടെ അദ്ധ്യക്ഷനായിരിക്കുമ്പോഴാണ് അഭിവന്ദ്യ ഡാനിയേൽ പിതാവ് നമ്മോടു വിട പറയുന്നത്. എല്ലാ റീത്തുകളെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത വിശാല മനോഭാവത്തിന്റെ ഉടമയാണ് അദ്ദേഹം. അതുകൊണ്ടാണ് കേരളത്തിലെ ലത്തീൻ സഭയ്ക്കായി KRLCC എന്ന പേരിൽ ഒരു ഏകോപന സമിതി ആരംഭിച്ചപ്പോൾ അതിന്റെ ഉത്ഘാടനം സീറോമലബാർ സഭയുടെയും സീറോ മലങ്കര സഭയുടെയും മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും അവരുടെ അനുഗ്രഹാശിസ്സുകളോടും കൂടിയായിരിക്കണമെന്ന് അദ്ദേഹം ഞങ്ങളെ ഉപദേശിച്ചത്. KRLCC യുടെ ഉത്ഘാടന ദിവസം തന്റെ അനുഗ്രഹ പ്രഭാഷണത്തിലൂടെ അത്യുന്നത കർദ്ദിനാൾ വർക്കി വിതയത്തിൽ ഞങ്ങൾക്ക് തന്ന പ്രോത്സാഹനം ഇന്നും ഒരു ശക്തിസ്രോതസ്സായി ഞങ്ങളുടെയൊക്കെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. അതുപോലെതന്നെ ഒരു പരിധിവരെ വേറെ ചില അവകാശങ്ങൾ ബലികഴിക്കേണ്ടി വന്നാലും സാരമില്ല, നൂനപക്ഷാവകാശങ്ങൾക്കുവേണ്ടി കേരളത്തിലെ എല്ലാ കത്തോലിക്കരുമോടൊപ്പം ഒറ്റക്കെട്ടായി നിൽക്കുന്ന ഒരു നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരുത്.

അഭിവന്ദ്യ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ ഇന്ന് സംസ്ഥാന ബഹുമതികളോടു കൂടിയാണ് നാം സംസ്ക്കരിക്കുന്നത്. ഇത് തികച്ചും ഉചിതമായ ഒരു നടപടിയാണ്. ഇതിന് അദ്ദേഹം തികച്ചും അർഹനുമാണ്. കാരണം അദ്ദേഹം കേരളത്തിന്റെ മുഴുവൻ സ്വന്തമാണ്. ഡാനിയേൽ പിതാവിന്റെ ഹൃദയത്തെ വേദനിപ്പിച്ചിരുന്ന ഒരു കാര്യം കൂടി എടുത്തു പറയാനാഗ്രഹിക്കുന്നു. കേരളത്തിലെ ലത്തീൻ സമൂഹത്തിന്റെ പരമാദ്ധ്യക്ഷനെന്ന നിലയിൽ ഈ സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹത്തിനു സ്വരമുയർത്തേണ്ടി വന്നിട്ടുണ്ട്. എന്നാൽ അതിനെ സങ്കുചിത മനോഭാവമായും വിഭാഗീയ ചിന്താഗതിയായും രാഷ്ട്രീയത്തിലുള്ള അവിഹിതമായ ഇടപെടലായും ചില നിക്ഷിപ്ത താല്പര്യക്കാരൊക്കെ വ്യാഖ്യാനിക്കുന്നതു കേട്ടപ്പോൾ അദ്ദേഹം വളരെയേറെ വേദനിച്ചിട്ടുണ്ട്. ബാനാറിസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയും ഗോൾഡ്മെഡലിസ്റ്റുമെന്ന നിലയിൽ ഇന്ത്യൻ സംസ്ക്കാരത്തെക്കുറിച്ചും മതേതരമൂല്യങ്ങളെക്കുറിച്ചും ആഴമായ അവബോധം അദ്ദേഹത്തിനുണ്ടായിരുന്നു. യേശുവിനെപ്പോലെ ഒരു നല്ല ഇടയൻ എന്ന നിലയിൽ ഈ തൊഴുത്തിൽപ്പെടാത്തവരെയും ജാതിമതഭേദമന്യേ സ്വന്തം ആട്ടിൻപറ്റമായി കണ്ട് അവരേവരുടെയും

ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹത്തിനറിയാമായിരുന്നു. തീർച്ചയായും പല പരാധീനതകളും അനുഭവിക്കുന്ന സ്വന്തം സമൂഹത്തിന്റെ വളർച്ച അതിയായി അദ്ദേഹം ആഗ്രഹിച്ചിട്ടുണ്ട്. എന്നാൽ മറ്റുള്ളവരെയൊക്കെ വെല്ലുവിളിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ ലത്തീൻ സമൂഹത്തിനു ഏതെങ്കിലും വിധത്തിൽ വളരാൻ സാധിക്കുമെന്ന് അദ്ദേഹം ഒരിക്കലും വിശ്വസിച്ചിരുന്നില്ല. തികച്ചും സുതാര്യമായ രീതിയിൽ ജാതിമതഭേദമന്യേ എല്ലാവരുടെയും വിശ്വാസം ആർജ്ജിച്ചെടുത്തുകൊണ്ട് അവരേവരുടെയും സഹായത്തോടും സഹകരണത്തോടും കൂടിയുള്ള സ്വന്തം സമൂഹത്തിന്റെ വളർച്ചയാണ് അദ്ദേഹം വിഭാവന ചെയ്തിരുന്നത്. അതുകൊണ്ട് എല്ലാവരെയും സ്നേഹിച്ചിരുന്ന, എല്ലാവരെയും ആദരിച്ചിരുന്ന എല്ലാവരുടെയും ക്ഷേമത്തിനായി പ്രവർത്തിച്ചിരുന്ന, എല്ലാവരുടെയും ഇടയനായിരുന്ന അദ്ദേഹത്തെ സംസ്ഥാന ബഹുമതികളോടെ സംസ്ക്കരിക്കുത് തികച്ചും ഉചിതം തയൊണ്.

## 5. സ്വപ്ന സാക്ഷാത്കാരം

എസക്കിയേൽ പ്രവാചകന്റെ വാക്കുകളിൽ ഡാനിയേൽ പിതാവിന്റെ അജപാലന പ്രവർത്തനങ്ങളെ ഇപ്രകാരം സംഗ്രഹിക്കാമെുന്ന തോന്നുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിക്കുകയും വഴിതെറ്റിപ്പോയതിനെ തിരികെ കൊണ്ടുവരികയും മുറിവേറ്റതിനെ വച്ചുകെട്ടുകയും ബലഹീനമായതിനെ ശക്തിപ്പെടുത്തുകയും കൊഴുത്തതിനെയും ശക്തിയുള്ളതിനെയും സംരക്ഷിക്കുകയും നീതിപൂർവ്വം പോറ്റുകയും, തൊഴുത്തിൽപ്പെടാത്ത ആടുകളോടും കരുതൽ വച്ചു പുലർത്തുകയും ചെയ്ത ഒരു നല്ല ഇടയനായിരുന്നു അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ്. സ്വയം മറന്നുകൊണ്ട് എല്ലാവർക്കും എല്ലാമാകുവാനായി അദ്ദേഹം തന്നത്തെന്നെ സമർപ്പിച്ചുവെങ്കിലും ഒരു കൊച്ചു സ്വപ്നം എപ്പോഴും തനിക്കു മാത്രമായി അദ്ദേഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. ഓരോ ദിവസവും സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി നില്ക്കുമ്പോഴെല്ലാം അദ്ദേഹം തനിക്കുവേണ്ടിയുള്ള ഈ സ്വപ്ന സാക്ഷാത്ക്കാരത്തിനായി പ്രാർത്ഥിച്ചിരുന്നു. സങ്കീർത്തകന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ സ്വപ്നം ഇതായിരുന്നു:

“ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു.
ഒരു കാര്യംമാത്രം ഞാൻ തേടുന്നു.
കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും
കർത്താവിന്റെ ആലയത്തിൽ........വസിക്കാനും തന്നെ” (സങ്കീ. 27, 4)

ഇതായിരുന്നു തനിക്കായുള്ള അദ്ദേഹത്തിന്റെ സ്വപ്നം. “ഒരുകാര്യം ഞാൻ...... വസിക്കാനും തന്നെ”. വേർപാടിന്റെ വേദനാജനകമായ അവസരമായി നാം ഇതിനെ കാണുന്നുവെങ്കിലും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിതകാലം മുഴുവൻ തനിക്കായി ഹൃദത്തിൽ സൂക്ഷിച്ചിരുന്ന സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ മുഹൂർത്തമാണിത്. ആഗ്രഹിച്ചതുപോലെ കർത്താവിന്റെ മാധുര്യം ആസ്വദിക്കുവാൻ അവിടുത്തെ ഭവനത്തിൽ നിത്യകാലം വസിക്കുവാൻ അദ്ദേഹം കർത്താവിന്റെ പക്കലേക്കു പോകുന്നു. വേദനകളുടെ മദ്ധ്യത്തിലും സന്തോഷത്തോടുകൂടി അദ്ദേഹത്തെ നമുക്കു യാത്രയയക്കാം. എല്ലാവരുടെയും നാമത്തിൽ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിനു നിത്യശാന്തി നേരുകയും ചെയ്യുന്നതോടൊപ്പം അഭിവന്ദ്യ ജോസഫ് കാരിക്കാശ്ശേരി പിതാവിനും, വാരാപ്പുഴ അതിരൂപതയ്ക്കും, ഡാനിയേൽ പിതാവിന്റെ കുടുംബാംഗങ്ങൾക്കും ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തുന്നു. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.